(ബി) പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ് തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

	പ്രവൃത്തി	എസ്റ്റിമേറ്റ് തുക
1.	താമരപ്പിള്ളി-ചൊവ്വല്ലൂർ റോഡ് (അറ്റകുറ്റപ്പണികൾ-	3.00 ലക്ഷം
2.	അറ്റകുറ്റപ്പണികൾ- പാവറട്ടി- പാലുവായ് റോഡ്	3.00 ലക്ഷം
3.	അറ്റകുറ്റപ്പണികൾ-തൃപ്രയാർ- കാഞ്ഞാണി-ചാവക്കാട് റോഡ് (കി.മീറ്റർ 4/000 മുതൽ 5/000 വരെ)	3.00 ലക്ഷം
4.	അറ്റകുറ്റപ്പണികൾ-തൃപ്രയാർ- കാഞ്ഞാണി-ചാവക്കാട് റോഡ് (കി.മീറ്റർ 6/000 മുതൽ 9/000 വരെ)	3.00 ലക്ഷം
5.	അറ്റകുറ്റപ്പണികൾ-കാരമുക്ക്-പാലാഴി റോഡ് (കിമീറ്റർ 4/000 മുതൽ 5/000 വരെ)	2.00 ലക്ഷം
6.	താമരപ്പിള്ളി-ചൊവ്വല്ലൂർ പടി റോഡിൽ കി.മീറ്റർ 0/000 മുതൽ 0/900 വരെയും കി.മീറ്റർ 1/000 മുതൽ 2/000 വരെയും കി.മീറ്റർ 4/960 മുതൽ 5/760 വരെയും 20-ാം ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തി	39 ലക്ഷം

തൃശ്ശൂർ വാടാനപ്പള്ളി റോഡ് സ്റ്റേറ്റ് ഹൈവെ ആക്കി ഉയർത്തുന്നതിന് നടപടി

180 (2260) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മൂന്നു നിയമസഭാ മണ്ഡലങ്ങളെത്തമ്മിൽ ബന്ധിപ്പിക്കുന്ന തൃശ്ശൂർ-വാടാനപ്പള്ളി റോഡ് സ്റ്റേറ്റ് ഹൈവേയായി ഉയർത്തുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധമായി നാറ്റ്പാക്ക് നൽകിയ റീ അലൈൻമെന്റ് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ മരാമത്ത് വകുപ്പിൽനിന്നും റോഡ്സ് & ബ്രിഡ്ജസ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്തു ലഭിച്ചിരുന്നുവോ ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് വകുപ്പിന് റിപ്പോർട്ട് നൽകിയോ ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനു കാരണമെന്തെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി-ഡി) ഇക്കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly